(സി) ഇവയിൽ ഏറ്റവും കൂടുതൽ കാലപ്പഴക്കമുള്ള അപേക്ഷ ഏതുഗണത്തിൽപ്പെടുന്നവയാണ്;

(ഡി) ഈ അപേക്ഷ ലഭിക്കുന്നതിനുള്ള അവസാന തീയതി എന്നായിരുന്നു;

(ഇ) മറ്റുള്ള അപേക്ഷകളുടെ കാലപ്പഴക്കം എത്രയാണ്;

(എഫ്) മൂന്നുവർഷത്തിനുമേൽ കാലപ്പഴക്കമുള്ള എത്ര അപേക്ഷകൾ പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്നു;

(ജി) ഇവ പ്രോസസ് ചെയ്ത് അനന്തരനടപടികൾ നടത്തി നിയമനം നൽകാത്തതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) 1257 തസ്തികൾക്കായി 9119192 അപേക്ഷകൾ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലായുണ്ട്.

(സി-ജി) വിവരം ശേഖരിച്ചു വരുന്നു.

**ക്രിമിലെയർ പ്രശ്നത്തിന്റെ പേരിൽ നിയമനം ലഭിക്കാത്തവരുടെ നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി**

7 (743)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വിവിധ വകുപ്പുകളിൽ അഡ്വൈസ് മെമ്മോ അയയ്ക്കുകയും എന്നാൽ ക്രീമിലെയർ പ്രശ്നത്തിന്റെ പേരിൽ നിയമനം ലഭിക്കാതിരിക്കുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇവർക്ക് എപ്പോൾ നിയമനം നൽകുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഇവർക്ക് ലഭിച്ച അഡ്വൈസ് മെമ്മോ പ്രകാരമുള്ള സീനിയോറിറ്റി ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കി, അതിന്റെയടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് തലവന്മാർതന്നെ നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) 17.12.1999-ലെ 18535/ഉപ.സി3/99/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം പുറപ്പെടുവിച്ച നിയമന നിരോധന ഉത്തരവ് 16.2.2000-ലെ ജി.ഒ.(പി)15/2000 പ.ജ.പ.വ.വി.വ ഉത്തരവ് പ്രകാരം പിൻവലിച്ചിട്ടുണ്ട്. അതിനാൽ നിയമനം നടത്തുന്നതിൽ ഇപ്പോൾ തടസ്സം ഇല്ല.

(സി) പി.എസ്.സി.യുടെ ശുപാർശപ്രകാരം ജോലിയിൽ പ്രവേശിച്ചവർക്ക് സീനിയോറിറ്റി ഇഫക്ടീവ് അഡ്വൈസ് തീയതി മുതൽ ലഭിക്കുന്നതാണ്.

(ഡി) ഇക്കാര്യത്തിലുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly